# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 4748** **26/06/2019 ൽ മറുപടിക്ക്**

**പെർഫോമൻസ് ഓഡിറ്റിംഗ് അതോറിറ്റി സംവിധാനം**

| | ചോദ്യം<br>**ശ്രീ. അബ്ദുൽ ഹമീദ്. പി** | | മറുപടി<br>**ശ്രീ. എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1997-ലെ പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെ രൂപം നൽകിയ പെർഫോമൻസ് ഓഡിറ്റിംഗ് അതോറിറ്റി സംവിധാനത്തിന്റെ പ്രവർത്തന സംവിധാനം വിശദമാക്കുമോ? | എ | 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെയും കേരളാ മുൻസിപ്പൽ (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെയുമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റിനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. സർക്കാരിലെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി യാണ് (നിലവിൽ അഡീഷണൽ ചീഫ് സെക്രട്ടറി) പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി. ടി അതോറിറ്റിയെ സംസ്ഥാനതലത്തിൽ സഹായിക്കുന്നതിനായി സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ അധികാരപ്പെടുത്തിയിരുന്നതനുസരിച്ച് സർക്കാർ വിവിധ തുടർ ഉത്തരവുകളിലൂടെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനുള്ള ഘടകങ്ങൾക്ക് രൂപം നൽകി.<br>1. ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആവശ്യാനുസരണം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നിലവിലുണ്ട്.<br>2. ബ്ലോക്ക് പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് വീതം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | 3. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന 3 മേഖലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗങ്ങളാണ് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്. മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പദവി വഹിക്കുന്നത് സെക്രട്ടേറിയറ്റിൽ നിന്ന് നിയമിതരാകുന്ന അഡീഷണൽ സെക്രട്ടറിമാരാണ്.<br>4. മുനിസിപ്പാലിറ്റികളുടെ പെർഫോമൻസ് ഓഡിറ്റ് ചുമതല വഹിക്കുന്നത് നഗരകാര്യവകുപ്പിലെ കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലകളിലെ ജോയിന്റ് ഡയറക്ടർമാരാണ്.<br>മേൽ വിവരിച്ച പെർഫോമൻസ് ഓഡിറ്റ് ഘടകങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പ്രതിമാസ/ത്രൈമാസ ഓഡിറ്റ് നടത്തി സ്ഥാപനങ്ങളിൽ റിപ്പോർട്ട് നൽകുന്നു. പ്രസ്തുത റിപ്പോർട്ട് കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുകയും ശുപാർശകളിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് മറുപടിയായി പെർഫോമൻസ് ഓഡിറ്റ് ഘടകങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ഓഡിറ്റിൽ കണ്ടെത്തുന്ന സർക്കാർ ഇടപെടൽ ആവശ്യമായ ഗൗരവകരമായ വിഷയങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നു. മേൽ പരാമർശിത ഓഡിറ്റുകൾ കൂടാതെ സർക്കാർ , പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി, പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, വകുപ്പുകൾ എന്നിവർ നിർദ്ദേശിക്കുന്ന പ്രകാരം പ്രത്യേക ഓഡിറ്റുകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. |
| ബി | കറക്റ്റീവ് ഓഡിറ്റ് എന്ന നിലയിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി | അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് |

| | | | |
|---|---|---|---|
| | | | പോർഫോമൻസ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്നത്. തെറ്റുകൾ തിരുത്തുന്നതിനും അവ ആവർത്തിക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തുന്നതിനുമാണ് പെർഫോമൻസ് ഓഡിറ്റ് പ്രധാനമായും ശ്രദ്ധ ചെലുത്തുന്നത്. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി വിലയിരുത്താനും ശ്രദ്ധയിൽപെടുന്ന പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുവാനും ആവശ്യമായ ഏകോപനം നടത്തുവാനും പെർഫോമൻസ് ഓഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി എല്ലാ മാസവും ടി സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധിക്കുവാനും പരിഹാരം കാണുവാനും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാമ്പ്രദായികമായ ഓഡിറ്റ് സംവിധാനം എന്നതിലുപരി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏറെക്കുറെ പൂർണ്ണമായും പരിശോധനാ വിധേയമാക്കുകയും ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന രീതിയിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം ഉയർന്നിട്ടുണ്ട്. തിരുത്തൽ സംവിധാനം എന്ന നിലയിൽ പെർഫോമൻസ് ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാൻ തുടർന്നും നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി | പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാറുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ എന്നറിയിക്കാമോ? | സി | പെർഫോമൻസ് ഓഡിറ്റിലൂടെ കണ്ടെത്തുന്ന പോരായ്മകൾ ഉള്ളടക്കം ചെയ്തു നൽകുന്ന റിപ്പോർട്ട് സ്ഥാപനത്തിന്റെ കൗൺസിൽ ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിച്ച് മറുപടി നൽകുകയാണ് ചെയ്യുന്നത്. മറുപടി നൽകി തീർപ്പാക്കുവാൻ ശേഷിക്കുന്ന പരാമർശങ്ങൾ ഓഡിറ്റ് അദാലത്തുകൾ നടത്തി ഓഡിറ്റ് ഘടകങ്ങൾ തീർപ്പാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ